"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1048/2022-ICDSB3

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 27-10-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471−2346534

വനിത ശിശുവികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

മാഡം,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ്- **കുട്ടിക്കരുന്നുകൾക്ക് ഇരട്ടിക്കരുത്ത്- പോഷകബാല്യം പദ്ധതി**-ടെൻഡർ/ക്വട്ടേഷനുകളുടെ കാലാവധി-സംബന്ധിച്ച്:-

സൂചന:-
1. വനിത ശിശു വികസന ഡയറക്ടറുടെ 20.05.2022 ലെ DWCD/1047/2022-ICDSB3 നമ്പർ സർക്കുലർ
2. വനിത ശിശു വികസന ഡയറക്ടറുടെ 20.05.2022 ലെ DWCD/1048/2022-ICDSB3 നമ്പർ സർക്കുലർ

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പോഷക ബാല്യം പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ പാൽ, മുട്ട വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സൂചന (1,2) എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽ,പാൽ , മുട്ട വിതരണത്തിനായി ആദ്യ ഘട്ട ടെൻഡർ/ക്വട്ടേഷൻ നടപടി 2022 ജൂൺ മുതൽ 2022 ഒക്ടോബർ മാസം വരെയും, രണ്ടാം ഘട്ട ടെൻഡർ/ക്വട്ടേഷൻ നടപടി 2022 നവംബർ മുതൽ 2023മാർച്ച് വരെയും നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പാലിന്റെ ട്രാൻസ്പോർട്ടേഷനുൾപ്പെടെയുള്ള തുക വർദ്ധിപ്പിക്കുന്നതിനും, ആഴ്ചയിൽ പാൽ, മുട്ട വിതരണം ചെയ്യുന്ന ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലായതിനാൽ പാൽ, മുട്ട വിതരണത്തിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള ടെൻഡർ/ക്വട്ടേഷനുകളുടെ കാലാവധി ഒരു മാസത്തേയ്ക്ക് (**2022 നവംബർ വരെ**) ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സൂചന (1) ലെ ക്രമ നമ്പർ 18 പ്രകാരമുള്ള നിർദേശം പാലിച്ച് അതത് മാസത്തെ അലോട്ടുമെന്റ് ജില്ലാ ഓഫീസർമാർ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് നല്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ